LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിച്ചു നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന മാർഗരേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4,000 രൂപ പാരിതോഷികമായി നൽകുക, കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളാണ് വനം വകുപ്പ് കണ്ടൽ കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കിവരുന്നത്.

(സി) ഇല്ല.

(ഡി) കടലാക്രമണ പ്രതിരോധത്തിന് കണ്ടൽ വച്ചുപിടിപ്പിക്കാനാവുന്ന മേഖലകളിൽ അതു വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

കാട്ടുതീ

194 (4529) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാല കാട്ടുതീയിൽനിന്നും കാടുകളെ സംരക്ഷിക്കാൻ സ്വീകരിക്കുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(ബി) വനത്തിനുള്ളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും പ്രധാന മേഖലകളിൽ ജലലഭ്യത ഉറപ്പാക്കാനും നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ;

(സി) തീപിടിത്തസാദ്ധ്യതാ പ്രദേശങ്ങൾ മുൻകൂർ തിരിച്ചറിയാറുണ്ടോ ; ഈ വർഷം അത്തരത്തിലെ എത്ര പ്രദേശങ്ങൾ കണ്ടെത്തി ; അവിടെ എവിടെയെങ്കിലും തീപിടിത്തം ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വനമേഖലയിൽ അഗ്നി പ്രതിരോധപ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. ഫയർ സീസണിന്റെ തുടക്കത്തിൽ കൺട്രോൾ ബേണിംഗ് നടത്തി മുൻകരുതൽ എടുത്തിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാർക്കു പുറമേ ഫയർ

പ്രൊട്ടക്ഷൻ വാച്ചർമാരെ നിയമിച്ച് ഫയർലൈൻ എടുക്കൽ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയും നടത്തുന്നുണ്ട്. ബോധവത്ക്കരണ ക്ലാസ്സുകൾ, റോഡ് ഷോ, ജാഥ എന്നിവ സംഘടിപ്പിച്ചും, ബാനറുകൾ, ബോർഡുകൾ എന്നിവ സ്ഥാപിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുകയും വഴി കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ കാട്ടിൽ പ്രവേശിക്കുന്ന ടൂറിസ്റ്റുകളെ കർശന പരിശോധനയ്ക്ക് വിധേയമാക്കിയും, കാട്ടുതീ തടയേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ടൂറിസ്റ്റുകൾക്ക് അവബോധം നൽകുകയും ചെയ്യുന്നുണ്ട്. പ്രകൃതി പഠന ക്ലാസ്സുകളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മറ്റു സന്നദ്ധ സംഘടനകൾക്കും ബോധവത്ക്കരണം നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയർ സീസണിൽ കാട്ടുതീ പടരുന്നതിന് സാദ്ധ്യതയുള്ള വന്യജീവി സങ്കേതങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ നിശ്ചിത കാലാവധിവരെ അടച്ചിടാറുണ്ട്. വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടുകൂടി കാട്ടുതീ തടയാനുള്ള കർമ്മസേന രൂപീകരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വനമേഖലയിൽ നീരുറവകളിൽ ജലലഭ്യത നിലനിർത്താൻ തടയണ, കളം, കയ്യാല, ഗള്ളി പ്ലഗ്ഗിംഗ് എന്നിവ നിർമ്മിക്കുകയും വയൽ പരിപാലനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വനത്തിന് അതിന്റെ സ്വാഭാവികത നിലനിർത്തുന്നതിനും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും ബാംബു പ്ലാന്റേഷൻ പോലുള്ള വനവൽക്കരണ പ്രവൃത്തികൾ നടത്തിവരുന്നു.

(സി) ഉണ്ട്, അനുബന്ധമായി ചേർത്തിരിക്കുന്നു.*

വനദീപ്തി പദ്ധതി

195 (4530) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly